## ഗ്രാമീൺ ബാങ്ക് ജീവനക്കാരുടെ ട്രേഡ് യൂണിയൻ ക്യാമ്പ് ജൂൺ 5 6 തിറയത്തികളിൽ തൃശൂർ വെച്ച് നടന്നു

കേരള ഗ്രാമീൺ ബാങ്ക് എംപ്ലോയീസ് യൂണിയൻ & കേരള ഗ്രാമീൺ ബാങ്ക് ഓഫീസ്സേഴ്സ് യൂണിയൻ (BEFI) നേതൃത്വത്തിൽ 5,6 തീയ്യതികളിൽ ആയി ട്രേഡ് യൂണിയൻ ക്യാമ്പ് നടന്നു. കില യിൽ വെച്ചു നടന്ന ക്യാമ്പ് 'വർത്തമാന കാലഘട്ടത്തിൽ ട്രേഡ് യൂണിയനുകളുടെ കടമ' എന്ന വിഷയം അവതരിപ്പിച്ചു കൊണ്ട് CITU ദേശീയ സെക്രട്ടറി കെ.ചന്ദ്രൻ പിള്ള ഉദ്ഘാടനം ചെയ്തു. യൂണിയൻ പ്രസിഡൻറുമാരായ എൻ.മീന, പി.രാജേഷ് എന്നിവർ അദ്ധ്യക്ഷത വഹിച്ചു. സംഘടനാ ചരിത്രം AKBRF സംസ്ഥാന പ്രസിഡൻ്റ് എൻ. സുരേഷ് അവതരിപ്പിച്ചു.




'ആഗോളവൽക്കരണ കാലത്തെ സാംസ്കാരിക രംഗം ' എന്ന വിഷയത്തിൽ ഡോ.രാജാ ഹരിപ്രസാദ് ക്ലാസെടുത്തു. ഓഫീസേഴ്സ് യൂണിയൻ ജനറൽ സെക്രട്ടറി അനൂപ് ടി.ജി. സംഘടനാ രേഖ അവതരിപ്പിച്ചു. ഗ്രൂപ്പ് ചർച്ചയിൽ ഉയർന്നു വന്ന അഭിപ്രായങ്ങൾ ലീഡർമാർ റിപ്പോർട്ട് ചെയ്തു. തുടർന്ന് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി ബിഗേഷ് ഉണ്ണിയാൻ മറുപടി പറഞ്ഞു. BEFI സംസ്ഥാന ജനറൽ സെക്രട്ടറി എൻ.സനിൽ ബാബു, കേന്ദ്ര കമ്മറ്റിയംഗം ടി.നരേന്ദ്രൻ, പി.എച്ച്.വിനിത തുടങ്ങിയവർ അഭിവാദ്യം ചെയ്തു. AIRRBEA അഖിലേന്ത്യാ പ്രസിഡൻ്റ് സി.രാജീവൻ ക്യാമ്പ് അവലോകനം നടത്തി. കൺവീനർ കെ.ബാലചന്ദ്രൻ സ്വാഗതവും ക്യാമ്പ് കോർഡിനേറ്റർ ബി.സ്വർണ്ണകുമാർ നന്ദിയും പറഞ്ഞു.